ഉത്തരം

(എ) ശ്രീമതി ശ്രീകലയെ 14-1-2003-ൽ 6.30 പി.എം.-ന് അപമാനപ്പെടുത്തിയെന്നാരോപിച്ച് 15-1-2003-ലും, 23-10-2003-ന് ദേഹോപദ്രവം ഏൽപ്പിച്ച് അപമാനപ്പെടുത്തിയെന്നാരോപിച്ച് 24-10-2003-നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ ബാലരാമപുരം പോലീസ് സ്റ്റേഷനിൽ 341, 323 ആന്റ് 354 ഐ.പി.സി. പ്രകാരം ക്രൈം നമ്പർ 471/03 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉത്തരം 'ഡി'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എഫ്) ടിയാനെ കെ. ഡി. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ എസ്.പി., തിരുവനന്തപുരം റൂറൽ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പിൽ നടന്ന അക്രമങ്ങൾ

40 [T757] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, കെ. മുഹമ്മദാലി:
,, വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സംഘങ്ങളുടെ ഭരണ സമിതികളിലേക്ക് നടത്തിയ തെരഞ്ഞെടുപ്പിൽ എവിടെയെല്ലാം അക്രമങ്ങൾ ഉണ്ടായതായി റിപ്പോർട്ടുണ്ട്;

(ബി) അതിൽ ഏതെല്ലാം സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പിൽ സി.പി.ഐ. (എം.) പ്രവർത്തകർ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകരെ ദേഹോപദ്രവമേൽപ്പിച്ചതായി തെളിഞ്ഞിട്ടുണ്ട്;

(സി) പ്രസ്തുത സംഘങ്ങളുടെ ഭരണ സമിതി തെരഞ്ഞെടുപ്പിൽ വിജയികളായത് ഏത് രാഷ്ട്രീയ സംഘടനയുടെ പ്രതിനിധികളായിരുന്നു;

(ഡി) കോൺഗ്രസ് പ്രവർത്തകർക്ക് ദേഹോപദ്രവമേൽപിക്കേണ്ടതായി വന്ന സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡ് തെരഞ്ഞെടുപ്പിൽ ഇതിനുമുമ്പും അക്രമം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ എച്ച്.എം.റ്റി. എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 724, കോഴിക്കോട് ജില്ലയിലെ ഒളവണ്ണ അർബൻ സഹകരണ സംഘം, കണ്ണൂർ ജില്ലയിലെ കീഴല്ലൂർ എസ്.സി.ബി., ചൂഴലി എസ്.സി.ബി. എന്നീ സംഘങ്ങളിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അക്രമങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി—ഡി) സഹകരണ സംഘങ്ങളിലെ തിരഞ്ഞെടുപ്പ് രാഷ്ട്രീയാടിസ്ഥാനത്തിലല്ല നടത്തുന്നതെന്നതിനാൽ, വിവരം ലഭ്യമല്ല.

എ. ഡി. ബി. സംഘത്തെതടഞ്ഞ നടപടി

41 [758] ശ്രീ. അടൂർ പ്രകാശ്:
„ കെ. മോഹൻ കുമാർ:
„ എം. പി. ഗംഗാധരൻ:
„ കെ. പി. വിശ്വനാഥൻ:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-11-2003-ൽ എ.ഡി.ബി. സംഘം തിരുവനന്തപുരം എയർപോർട്ടിൽ ഇറങ്ങിയപ്പോൾ ഡി.വൈ.എഫ്.ഐ.-ക്കാർ അവരെ തടയുവാൻ ശ്രമിച്ചതായി അറിവുണ്ടോ;

(ബി) എ.ഡി.ബി. സംഘം ഡി.പി.ഐ. ഓഫീസ് സന്ദർശിക്കുമെന്നും അതിന്ന സമയത്താണെന്നും കാലേക്കൂട്ടി പ്രസിദ്ധീകരിച്ചിരുന്നുവോ;

(സി) എ. ഡി. ബി. സംഘം ഡി. പി. ഐ. ഓഫീസിലെത്തിയപ്പോൾ ഡി.വൈ.എഫ്.ഐ.-ക്കാർ അവരെ തടഞ്ഞുവോ;

(ഡി) എങ്കിൽ എ.ഡി.ബി. സംഘം ഡി.പി.ഐ. ഓഫീസിലെത്തുന്ന കൃത്യ സമയം ഡി. വൈ. എഫ്. ഐ. -ക്കാർ എപ്രകാരം അറിഞ്ഞു എന്ന് അന്വേഷിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ.ഡി.ബി. സംഘം ഡി.പി.ഐ. ഓഫീസ് സന്ദർശിക്കുമെന്നും അതിന്ന സമയത്താണെന്നും കാലേക്കൂട്ടി പ്രസിദ്ധീകരിച്ചിരുന്നില്ല.

(സി) എ. ഡി. ബി. സംഘം ഡി. പി. ഐ. ഓഫീസിലെത്തിയപ്പോൾ ഡി.വൈ.എഫ്.ഐ.-ക്കാർ അവരെ തടഞ്ഞ സംഭവം ഉണ്ടായിട്ടില്ല. എന്നാൽ 11-11-2003-ന് എ.ഡി.ബി. സംഘം ഡി.പി.ഐ. ഓഫീസ് സന്ദർശിച്ചതിൽ പ്രതിഷേധിച്ച് ഇടതുപക്ഷ എൻ. ജി. ഒ. യൂണിയൻ പ്രവർത്തകർ ഡി. പി. ഐ. ഓഫീസിന്റെ പോർട്ടിക്കോവിൽ ന്യായവിരുദ്ധമായി സംഘം ചേർന്ന് മുദ്രാവാക്യം വിളിച്ച് പ്രക്ഷുബ്ധ രംഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഉത്തരം 'ബി', 'സി' എന്നിവയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ബാലരാമപുരത്തെ സാമൂഹ്യവിരുദ്ധശല്യം

42 [759] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly